No. 124/2024

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയിരുന്ന് പരിശുദ്ധ സഭയ്ക്ക് സുധീരമായ നേതൃത്വം നൽകിയ താപസശ്രേഷ്ഠനായിരുന്ന നമ്മുടെ മുൻഗാമി ഭാഗ്യവാനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ തിരുമനസിലെ 10-ാം ഓർമ്മപ്പെരുന്നാൾ ആ പുണ്യ പിതാവിന്റെ കബറിടം സ്ഥിതി ചെയ്യുന്ന പത്തനാപുരം മൗണ്ട് താബോർ ദയറാ ചാപ്പലിൽ 2024 മെയ് മാസം 26, 27 (ഞായർ, തിങ്കൾ) തീയതികളിലായി പരിശുദ്ധ സഭയുടെ പ്രധാന ചുമതലയിൽ നടത്തപ്പെടുന്നതാണ്. പെരുന്നാൾ ശുശ്രൂഷകൾക്ക് നാമും നമ്മുടെ സഹോദരമെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. ഇമ്പമാർന്ന കൂദാശാനുഷ്ഠാനങ്ങളിലൂടെയും ചിട്ടയായ യാമപ്രാർത്ഥനകളിലൂടെയും ഉത്തമമായ സന്യാസ ജീവിതചര്യയിലൂടെയും ജീവിതകാലം പൂർത്തിയാക്കിയ ആ പുണ്യശ്ലോകനോട് പരിശുദ്ധ സഭ ഏറെ കടപ്പെട്ടിരിക്കുന്നു. യഥാർത്ഥ സന്യാസത്തിന്റെ മാതൃകയായിരുന്ന് നാല് പതിറ്റാണ്ടോളം അവിഭക്ത മലബാർ മെത്രാസനത്തിന്റെ ഇടയനായും, അഞ്ച് വർഷം പരിശുദ്ധ സഭയുടെ പ്രധാന മേലദ്ധ്യക്ഷനായും ശുശ്രൂഷ നിർവ്വഹിച്ച ആ മഹാചാര്യൻ അതിവിശുദ്ധ ജീവിതം നയിച്ച പിതാവാണ്. നമ്മുടെ സഭാമക്കൾ എല്ലാവരും ഈ പുണ്യപിതാവിന്റെ ഓർമ്മപ്പെരുന്നാളിൽ പ്രാർത്ഥനാപൂർവ്വം സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം സ്നേഹപൂർവ്വം താത്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 മെയ് മാസം 08-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.